Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : കൈറ്റ്/2021/1562(19) തീയതി : 08.11.2021

## സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2020-2023 ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന:- 1. സ. ഉ(സാധാ) നം.361/2018/പൊ.വി.വ തീയതി 20.01.2018.
2. ഈ ഓഫീസിലെ 22.03.2021 ലെ KITE/2021/18-2 നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ-എയിഡഡ് ഹൈസ്കൂളുകളിൽ 2021-2022 അധ്യയന വർഷത്തെ ഒൻപതാം ക്ലാസ് വിദ്യാർത്ഥികളിൽ നിന്ന് ലിറ്റിൽ കൈറ്റ്സിന്റെ 2020-23 ബാച്ചിൽ അംഗങ്ങളാകുന്നതിനുള്ള അഭിരുചി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്നതിന് സൂചന 2 പ്രകാരം നിർദേശിച്ചിരുന്നു. രജിസ്റ്റർ ചെയ്ത 85946 വിദ്യാർത്ഥികൾക്ക് 2021 നവംബർ 20-ാം തീയതി രാവിലെ 10.00 മണി മുതൽ അഭിരുചി പരീക്ഷ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. പരീക്ഷ നടത്തിപ്പ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കോവിഡ് 19 മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം അഭിരുചി പരീക്ഷ നടത്തേണ്ടത്.
2. കൈറ്റ് ലഭ്യമാക്കുന്ന പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യബാങ്കിൽ നിന്നും റാൻഡമായി ഓരോ കുട്ടിക്കും ലഭിക്കുന്ന 20 ചോദ്യങ്ങൾക്ക് ഉത്തരം നൽകേണ്ടതാണ്.
3. ഓരോ വിദ്യാലയത്തിലേയും എസ്.ഐ.റ്റി.സി, ജോയിന്റ് എസ്.ഐ.ടി.സി, കൈറ്റ് മാസ്റ്റർ/കൈറ്റ് മിസ്ട്രസ്സുമാരുടെ നേതൃത്വത്തിൽ പരീക്ഷ നടത്തേണ്ടത്. ഇതിനാവശ്യമായ യൂസർഗൈഡ് ലഭ്യമാക്കുന്നതാണ്.
4. പരീക്ഷാ സോഫ്റ്റ് വെയറും, രജിസ്റ്റർ ചെയ്ത കുട്ടികളുടെ വിവരങ്ങളടങ്ങിയ csv ഫയലും, അഡ്മിറ്റ് റിപ്പോർട്ടും 18/11/2021-ന് ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ (https://kite.kerala.gov.in/littlekites/lkms/) നിന്ന് ഡൌൺലോഡ് ചെയ്ത് സൂക്ഷിക്കേണ്ടതും 19/11/2021-ന് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ആവശ്യമായ കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്യേണ്ടതുമാണ്.
5. പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത എല്ലാ കമ്പ്യൂട്ടറുകളിലും കുട്ടികളുടെ വിവരങ്ങളടങ്ങിയ csv ഫയൽ ഇംപോർട്ട് ചെയ്യേണ്ടതാണ്.
6. പരീക്ഷാ സോഫ്റ്റ്‌വെയർ പ്രവർത്തിപ്പിക്കുന്നതിനുള്ള പാസ്‌വേഡ് പരീക്ഷാ ദിവസം രാവിലെ 9 മണിക്ക് സ്കൂൾ ഇ-മെയിൽ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ജില്ലകൾ ഒരുക്കേണ്ടതാണ്.
7. കമ്പ്യൂട്ടറുടെ എണ്ണത്തിനനുസരിച്ച് വിദ്യാർഥികളെ പ്രത്യേക ബാച്ചുകളായി തിരിച്ച് പരീക്ഷ നടത്തേണ്ടതാണ്.
8. ഒരു ബാച്ചിന് പരീക്ഷ നടത്തുന്ന സമയത്ത്, പരീക്ഷ പൂർത്തിയാവാത്ത മറ്റ് വിദ്യാർഥികളെ പ്രത്യേക മുറിയിൽ ഇരുത്തേണ്ടതാണ്.

9. പരീക്ഷ പൂർത്തീകരിക്കുന്നതിന് സോഫ്റ്റ്‌വെയറിൽ ലഭിക്കുന്ന പരമാവധി സമയം 30 മിനിട്ട് ആയിരിക്കും. അതിനാൽ സമയപരിധിക്കുള്ളിൽ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ വിദ്യാർത്ഥികൾക്ക് നിർദേശം നൽകേണ്ടതാണ്.

10. പരീക്ഷ പൂർത്തീകരിച്ചുകഴിഞ്ഞ് റിസൾട്ട് ഫയൽ എക്സ്പോർട്ട് ചെയ്ത് ലിറ്റിൽ കൈറ്റ്സ് ലോഗിനിൽ ലഭ്യമാകുന്ന ലിങ്കിൽ പരീക്ഷാദിവസം തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

11. അഭിരുചി പരീക്ഷയിൽ ചുരുങ്ങിയത് 25% സ്കോർ നേടുന്ന വിദ്യാർത്ഥികളെയാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി തെരഞ്ഞെടുക്കുന്നത്. മൂല്യനിർണയത്തിനുശേഷം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ വിവരം കൈറ്റ് പ്രസിദ്ധപ്പെടുത്തുന്നതാണ്. പ്രസ്തുത അംഗങ്ങളെ ചേർത്ത് യൂണിറ്റ്തല പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

12. കുറഞ്ഞത് 20 കുട്ടികളെങ്കിലും തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിലായിരിക്കും 2020-23 ലിറ്റിൽ കൈറ്റ്സ് ബാച്ച് അനുവദിക്കുന്നത്.

13. പരീക്ഷ നടത്തിപ്പിൽ ക്രമക്കേടുകൾ ബോധ്യപ്പെട്ടാൽ യൂണിറ്റിന്റെ അംഗീകാരം നഷ്ടപ്പെടുന്നതാണ്.

14. പരീക്ഷാ സോഫ്റ്റ്‌വെയറിന്റെയും ചോദ്യങ്ങളുടെയും സുരക്ഷ കർശനമായി പാലിക്കേണ്ടതാണ്.

15. ജില്ലയിലെ മാസ്റ്റർ ട്രെയിനർമാർ പരീക്ഷാദിവസം വിദ്യാലയങ്ങൾ സന്ദർശിച്ച് പരീക്ഷാ നടത്തിപ്പ് വിലയിരുത്തേണ്ടതാണ്

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ